(സി) ഉണ്ട്. 3-3-2003-ലെ സ.ഉ.(ആർ. ടി) നം: 870/2003/പൊവി. പ്രകാരം 9-ാം ക്ലാസ്സ് വരെയുള്ള പ്രൈവറ്റ് സ്റ്റഡി വിദ്യാർത്ഥികൾക്ക് ഏതെങ്കിലും ഗവൺമെന്റ്/എയിഡഡ് അംഗീകൃത സ്കൂളുകളിൽ 2002-03-ലെ വാർഷിക പരീക്ഷയെഴുതി 2003-04 വർഷം തുടർന്ന് പഠിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇത്തരം വിദ്യാർത്ഥികൾക്ക് ടി.സി. ആവശ്യമില്ല.

(ഡി) ഉണ്ട്. 9-12-2002-ലെ സ.ഉ. (ആർ. ടി) നം: 4320/02/പൊവി. പ്രകാരം 2002-03 അദ്ധ്യയന വർഷത്തിൽ അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് 6-ാം ക്ലാസ്സുവരെ വാർഷിക പരീക്ഷ നടത്തുന്നതിനും ടി. സി. നൽകുന്നതിനും അനുമതി നൽകാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരെ ചുമതലപ്പെടുത്തിയിരുന്നു ഇത് സുപ്രീകോടതിയുടെ ഇടക്കാല ഉത്തരവനുസരിച്ചും, ഹൈക്കോടതിയുടെ അന്തിമ വിധിയും വിധേയമാണ്.

(ഇ) സർക്കാർ/എയിഡഡ്/അംഗീകൃത സ്കൂൾ അധികൃതർ നടത്തുന്ന യോഗ്യത പരീക്ഷ, ജനനത്തീയതി എന്നിവ മാനദണ്ഡമാക്കി അംഗീകാരമില്ലാത്ത സ്കൂളുകളിൽ പഠിക്കുന്നവരുൾപ്പെടെയുള്ള എല്ലാ പ്രൈവറ്റ് സ്റ്റഡി വിദ്യാർത്ഥികളെയും 2003-2004 അദ്ധ്യയന വർഷം ഏതെങ്കിലും സർക്കാർ/എയിഡഡ്/അംഗീകൃത സ്കൂളുകളിൽ പ്രവേശിപ്പിച്ച് വിദ്യാഭ്യാസത്തിന്റെ പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിന് 20-5-2003-ലെ 24455/ജി3/2003/പൊവി. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

പൂട്ടിയ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടി

105 (1415) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനാദായകരമെന്നതിനാൽ കഴിഞ്ഞ വർഷം പൂട്ടാൻ തീരുമാനിച്ച സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായതിനെ തുടർന്ന് എത്ര സ്കൂളുകൾക്ക് വീണ്ടും അനുമതി നൽകിയിട്ടുണ്ട് ;

(ബി) തുറന്ന് പ്രവർത്തിക്കാനുള്ള അനുമതി എത്ര വർഷത്തേയ്ക്ക് ആയിരുന്നു ;

(സി) വീണ്ടും അനുമതി ലഭിക്കാത്തതിനെ തുടർന്ന് തോട്ടട നോർത്ത് എൽ. പി. എസ്., ഒടുങ്ങോട് അച്യുതവിലാസം എൽ.പി.എസ്. എന്നിവിടങ്ങളിലെ അദ്ധ്യാപകർക്ക് ശമ്പളം തുടങ്ങിയ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ഡി) എങ്കിൽ ആവശ്യമായ പരിശോധനയ്ക്ക് ശേഷം പ്രസ്തുത സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുന്നതിനുള്ള തുടർ ഉത്തരവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അഞ്ച് സ്കൂളുകൾ

(ബി) ഒരു വർഷത്തേയ്ക്ക്

(സി&ഡി) ഉണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

പുതുതായി തുടങ്ങിയ അൺ എയിഡഡ് സ്കൂളുകൾ

106 (1416) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി തുടങ്ങിയ അൺ എയ്ഡഡ് സ്കൂളുകൾ എവിടെയൊക്കെയാണെന്നും ഏതൊക്കെ സ്കൂളുകളാണെന്നും വിശദമാക്കാമോ ;

(ബി) ഇതിൽ അംഗീകാരം നൽകിയിട്ടുള്ളതും അംഗീകാരം നൽകിയിട്ടില്ലാത്തതുമായവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പുതുതായി അൺ എയിഡഡ് സ്കൂളുകൾ തുടങ്ങുന്നതിന് സർക്കാർ ഇതുവരെ അനുമതി നൽകിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

സ്വാശ്രയ സ്കൂളുകൾ ആരംഭിക്കുന്നതിന് അനുമതി

107 (1417) ശ്രീ. വി. ബാലറാം :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. എം. മുരളി :
ശ്രീമതി രാധാരാഘവൻ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വാശ്രയ സ്കൂളുകൾ ആരംഭിക്കുന്നതിന് ഗവൺമെന്റിന്റെ അനുമതി ആവശ്യമാണോ ;

(ബി) ഗവൺമെന്റിന്റെ അനുവാദം വാങ്ങാതെ എത്ര എൽ. പി., യു. പി., സ്കൂളുകൾ നടത്തിവരുന്നു ;

(സി) അനുവാദം കൂടാതെ നടത്തുന്ന ഹൈസ്കൂളുകളുണ്ടോ ;

(ഡി) സ്വാശ്രയ സ്കൂളുകളിലെ പഠനഭാഷ എന്തെന്ന് പറയുമോ ?

ഉത്തരം

(എ) ആവശ്യമാണ്.

(ബി) കേരളത്തിൽ സ്വാശ്രയ എൽ. പി., യു. പി., സ്കൂളുകൾ ഒന്നും തന്നെ നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly